പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 259

15.02.2013 ൽ
മറുപടിയ്ക്ക്

## കമ്പോളവിലയും പൊതുവിതരണ സംവിധാനങ്ങളിലെ വിലയും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ ;<br>ശ്രീ. എളമരം കരീം ;<br>ശ്രീ. എ.എം. ആരിഫ് ;<br>ശ്രീ. സി. കൃഷ്ണൻ ; | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നിത്യോപയോഗ സാധനങ്ങളുടെ വില വീണ്ടും കുതിച്ചുയർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) വിലവർദ്ധനമൂലം വലയുന്ന ജനങ്ങളുടെ പ്രയാസങ്ങൾ സംബന്ധിച്ചും വിപണിയിലെ ഇടപെടലുകളെ സംബന്ധിച്ചും വിലയിരുത്തിയിട്ടുണ്ടോ ; | ബി) | ഉണ്ട്. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സർക്കാർ ഫലപ്രദമായ എല്ലാ നടപടിയും സ്വീകരിക്കുകയും സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ ഏറെക്കുറെ വിലവർദ്ധനവ് പിടിച്ചുനിർത്തുകയും ചെയ്തിട്ടുണ്ട്. |
| സി) ഇന്ധനവിലയിലുണ്ടാകുന്ന നേരിയ വർദ്ധനപോലും ജനങ്ങളെ വ്യത്യസ്ത രീതികളിൽ പ്രയാസപ്പെടുത്തുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ ഇന്ധനവില കൂട്ടിയ സാഹചര്യത്തിലും സർക്കാർ സംവിധാനങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾക്കും അടിക്കടി വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്തു കൊണ്ടാണ് ; | സി) | ഉണ്ട്. പൊതുവിതരണം വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾക്ക് ഇന്ധന വില വർദ്ധനവ് മൂലം അടിക്കടി വില വർദ്ധിപ്പിക്കുന്നില്ല. |
| ഡി) ഭക്ഷ്യവസ്തുക്കൾക്ക് കമ്പോളത്തിലുള്ള വിലയും സർക്കാർ സംവിധാനങ്ങളിലുള്ള വിലയും തമ്മിൽ നിലവിൽ വ്യത്യാസമില്ലാത്ത അവസ്ഥയുണ്ടായിട്ടുണ്ടോ ? | ഡി) | ഇല്ല. |

Beenan

സെക്ഷൻ ഓഫീസർ